പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *61 — 08.03.2012-ൽ മറുപടിക്ക്

## സ്വകാര്യ നേഴ്സിംഗ് മേഖലയിലെ മിനിമം വേതനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഐ.സി.ബാലകൃഷ്ണൻ:<br>ശ്രീ. കെ.അച്ചുതൻ:<br>ശ്രീ. ബെന്നി ബെഹനാൻ:<br>ശ്രീ. ഹൈബി ഈഡൻ: | | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും ഭക്ഷ്യവും സിവിൽസപ്ലൈസുംഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സ്വകാര്യ നേഴ്സിംഗ് മേഖലയിൽ മിനിമം വേതനം ഉറപ്പാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | 16.12.2009-ലെ ജി.ഒ.(എം.എസ്) 174/2009/തൊഴിൽ നമ്പർ ഉത്തരവു പ്രകാരം സ്വകാര്യ നഴ്സിംഗ് മേഖലയിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. മിനിമം വേതനം നടപ്പിലാക്കാത്ത സ്ഥാപനങ്ങൾ പരിശോധിച്ച് പരിശോധനാ ഉത്തരവുകൾ നൽകി വരുന്നു. ടി ഉത്തരവുകളിന്മേൽ നടപടി സ്വീകരിക്കാത്ത കേസുകളിൽ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) പ്രശ്നപരിഹാരത്തിനായി നിയോഗിച്ച കമ്മിറ്റി, റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) മിനിമം വേതനം നടപ്പാക്കാൻ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ; | (സി) | 1948 ലെ മിനിമം നിയമം പ്രാബല്യത്തിലുണ്ട്. പുതിയ നിയമ നിർമ്മാണം പരിഗണിക്കേണ്ടത് കേന്ദ്രസർക്കാരാണ്. |
| (ഡി) വേതനം നൽകുന്നതിലെ ക്രമക്കേടുകൾ തടയുന്നതിന് ശമ്പളം ബാങ്കുവഴി നൽകുവാൻ അധികൃതർക്ക് നിർദ്ദേശം നൽകുമോ? | (ഡി) | 16/02/2012 ലെ ജി.ഒ.(എം.എസ്) 26/12/തൊഴിൽ നമ്പർ ഉത്തരവു പ്രകാരവും, 22/02/2012 ലെ 4617/ഇ1/12/തൊഴിൽ നമ്പർ സർക്കുലർ പ്രകാരവും സ്വകാര്യമേഖലയിലെ ജീവനക്കാരുടെ ശമ്പളം ബാങ്കുവഴി നൽകുവാൻ ഉത്തരവ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ